പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4840 05/02/2014- ൽ മറുപടിക്ക്

## കന്നുകുട്ടി പരിപാലന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം.പി.വിൻസെന്റ് :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടി പരിപാലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപം നൽകിയിട്ടുണ്ട്. പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തതയും ഭക്ഷ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് 1976 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ, പ്രതിരോധ കുത്തിവയ്പ്പുകൾ, ഇൻഷ്വറൻസ്, വിരബാധയ്ക്കെതിരെയുള്ള മരുന്നുകൾ, തുടർച്ചയായ ആരോഗ്യപരിശോധന എന്നിവ നൽകുന്നു. 32 മാസം വരെ, അല്ലെങ്കിൽ ആദ്യപ്രസവം വരെ ഏതാണ് ആദ്യം അതുവരെയാണ് തീറ്റ നൽകുന്നത്. സബ്സിഡിയുടെ 50% സംസ്ഥാന വിഹിതവും, 50% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) പശുവിന്റെ ആദ്യ പ്രസവം നേരെത്തെയാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിനായി കിടാരികൾ യഥാസമയം പ്രായപൂർത്തിയാകുക, 18 മാസത്തിനകം ഗർഭം ധരിക്കുക, 28 മാസത്തിനകം പ്രസവിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി കന്നുകുട്ടികൾക്ക് യഥാസമയം ആരോഗ്യ പരിരക്ഷകൾ നൽകുകയും, ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ സൗജന്യ നിരക്കിൽ |

നൽകുകയും ചെയ്യുന്നു. പുതിയ ജനുസ്സുകളിൽപ്പെട്ട അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ വളർത്തിക്കൊണ്ടുവരുക എന്നുള്ളതാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യം

(സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ കാലിതീറ്റ, പ്രതിരോധ കുത്തിവയ്പ്പുകൾ, ഇൻഷ്വറൻസ്, വിരബാധയ്ക്കെതിരെയുള്ള മരുന്നുകൾ, തുടർച്ചയായ ആരോഗ്യ പരിശോധന എന്നിവ നൽകുന്നു. എൻറോൾമെന്റ്, ഇൻഷ്വറൻസ്, വാക്സിനേഷൻ, വിരയിളക്കൽ, തീറ്റവിതരണം എന്നിവ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ നടത്തുന്നു. ഓരോ മൂന്നുമാസവും കൂടുമ്പോൾ വളർച്ചാ നിരക്ക് പരിശോധിച്ച് രേഖപ്പെടുത്തുന്നു.

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ഡി) ഈ പദ്ധതിയനുസരിച്ച് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓരോവർഷവും ഏകദേശം ഒരു ലക്ഷത്തോളം കന്നുകുട്ടികളെ എൻറോൾ ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലായി ചുവടെ പറയുന്ന എണ്ണം കന്നുകുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) കാഫ് അഡോപ്ഷൻ പ്രോഗ്രാം -70600
2) സുരഭിരക്ഷ -12504
3) ആർ.കെ.വി.വൈ - 16900
4) ഭക്ഷ്യ സുരക്ഷാ പദ്ധതി - 2660

സെക്ഷൻ ഓഫീസർ